## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2013 — 15.07.2016 ന് മറുപടിയ്ക്ക്.

### *നൈപുണ്യ വികസന പ്രവർത്തനങ്ങൾ*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. അനിൽ അക്കര :<br>ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. എം. വിൻസെന്റ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യത്യസ്ത നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയതെന്ന് വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതികൾ വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ;<br><br>(സി) ഏതെല്ലാം തൊഴിൽ മേഖലകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ? | <u>(എ, (ബി) & (സി)</u> വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ധ തൊഴിൽപ്രൊഫഷണലുകളെ വാർത്തെടുക്കുവാനായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾക്ക് രൂപം നൽകി. വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിൻ കീഴിൽ നൈപുണ്യവികസനത്തിനായി താഴെപ്പറയുന്ന അക്കാദമികളും സ്ഥാപിച്ചിട്ടുണ്ട്.<br><br>സെന്റർ ഓഫ് എക്സലൻസ് പദ്ധതിയ്ക്ക് കീഴിൽ NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്), CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി), ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്), CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്), CEED (സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്) എന്നീ അക്കാദമികളും, കൂടാതെ കൺസ്ട്രക്ഷൻ മേഖലയിൽ വിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC), സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് |

നൈപുണ്യ പരിശീലനം നൽകുന്നതിനായി കൗശൽ കേന്ദ്രകൾ, കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ 'തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക' എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്റർ എന്നിവയും നടപ്പാക്കിവരുന്നു.

തൊഴിലും നൈപുണ്യവും വകുപ്പിനു കീഴിൽ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്ഥാപിതമായി കേരള അക്കാദമി ഫോർ സ്കിൽസിന്റെ വികസന പദ്ധതികൾക്ക് മേൽനോട്ടം വഹിക്കാനായി ബഹു. മുഖ്യമന്ത്രി ചെയർമാനും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി വൈസ് ചെയർമാനും ആയുള്ള അഡ്വൈസറി കൗൺസിലും ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയുള്ള ബോർഡും രൂപീകരിച്ചിട്ടുണ്ട്.

Bindu
സെക്ഷൻ ഓഫീസർ